# ഗ്രാമ ന്യായാലയ, അമ്പലപ്പുഴ
## ഹാജർ :- ശ്രീ. സുശാന്ത് കൃഷ്ണൻ. ജി, ന്യായാധികാരി
## 2026 – മാണ്ട് മാർച്ച് മാസം 30 –ാം തീയതി

# <u>ST. No. 44 / 2020</u>

| | | |
|---|---|---|
| പരാതിക്കാരൻ | : | കേരള സംസ്ഥാനത്തെ പ്രതിനിധീകരിച്ച്<br>പോലീസ് സബ്ബ് ഇൻസ്പെക്ടർ,<br>അമ്പലപ്പുഴ പോലീസ് സ്റ്റേഷൻ ക്രൈംനമ്പർ 1465/2019<br>(പ്രതിനിധീകരിക്കുന്നത് ശ്രീമതി ഫരീദ ടി.കെ,<br>A.P.P. സീനിയർ ഗ്രേഡ്) |
| കുറ്റാരോപിതൻ | : | മനോജ് , 45 വയസ്സ് , S/o. വേലായുധൻ,<br>വടക്കേകാട് വീട്, കരുകുളം പി.ഒ,<br>എലവഞ്ചേരി പഞ്ചായത്ത് വാർഡ് – I, പാലക്കാട്<br><br>(പ്രതിനിധീകരിക്കുന്നത് അഡ്വ ജെ ഷേർലി) |
| കുറ്റം | : | ഇന്ത്യൻ ശിക്ഷാ നിയമം 279, 304(A) വകുപ്പുകൾ |
| പ്രതി വാദം | : | കുറ്റം ചെയ്തിട്ടില്ല |
| കണ്ടെത്തൽ | : | കുറ്റം ചെയ്തിട്ടില്ല |
| വിധി | : | ക്രിമിനൽ നടപടി ചട്ടം 255(1) വകുപ്പ് പ്രകാരം<br>പ്രതിയെ കുറ്റവിമുക്തനാക്കിയിരിക്കുന്നു. |

## <u>പ്രതിയുടെ വിവരണം</u>

| നം. | പേര് | അച്ഛന്റെ പേര് | തൊഴിൽ | വിലാസം | വയസ്സ് |
|---|---|---|---|---|---|
| 1. | മനോജ് | വേലായുധൻ | ..... | വടക്കേകാട് വീട്,<br>കരുകുളം പി.ഒ,<br>എലവഞ്ചേരി പഞ്ചായത്ത്<br>വാർഡ് – I, പാലക്കാട് | 45 |

## തീയതികൾ

| സംഭവം നടന്നത് | പരാതി കൊടുത്തത് | ഫൈനൽ റിപ്പോർട്ട് ഫയൽ ചെയ്തത് | പ്രതി ഹാജരായത് / അറസ്റ്റ് ചെയ്തത് | ജാമ്യം നൽകിയത് | വിചാരണ തുടങ്ങിയത് | വിചാരണ അവസാ- നിച്ചത് | വിധി |
|---|---|---|---|---|---|---|---|
| 16.10.2019 | 16.10.2019 | 29.01.2020 | 09.01.2023 | 09.01.2023 | 04.07.2024 | 27.03.2026 | 30.03.2026 |

ഈ കേസ് 27.03.2026 തീയതി കോടതി മുമ്പാകെ വാദങ്ങൾക്കായി വന്നതിൽ 30.03.2026 തീയതി ഈ കോടതി പ്രസ്താവിക്കുന്ന

## വിധി ന്യായം

1. ഈ കേസ് അമ്പലപ്പുഴ പോലീസ് ഇന്ത്യൻ ശിക്ഷാ നിയമം 279, 304(A) എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ചേർത്ത് ക്രൈംനമ്പർ 1465/2019 ആയി അന്വേഷണം നടത്തി സമർപ്പിച്ച അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉത്ഭവിച്ചതാണ്.

2. പ്രോസിക്യൂഷൻ ആരോപണങ്ങൾ ചുരുക്കത്തിൽ താഴെ പറയും വിധമാണ് :- പ്രതി ഡ്രൈവറായി ചുമതല വഹിച്ച് അപാകമായും ഉദാസീനമായും മനുഷ്യജീവന് ആപത്ത് വരത്തക്കവിധം ആലപ്പുഴ-കൊല്ലം NH റോഡിലൂടെ വടക്ക് നിന്നും തെക്കോട്ട് അതിവേഗതയിൽ അശ്രദ്ധമായി ഓടിച്ചു കൊണ്ടുവന്ന TN-40-M-8799 -)o നമ്പർ ലോറി 16.10.2019 തീയതി വെളുപ്പിന് 3 മണിക്ക് അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് 12-)o വാർഡിൽ വളഞ്ഞവഴി മുറിയിൽ വളഞ്ഞവഴി ജംഗ്ഷന്റെ തെക്ക് വശത്ത് തെക്ക് വടക്കായി കിടക്കുന്ന ആലപ്പുഴ-കൊല്ലം ദേശീയപാതയുടെ പടിഞ്ഞാറരികിൽ സ്ഥാപിച്ചിട്ടുള്ള PUPR002060003 എന്ന നമ്പർ പതിച്ച കോൺക്രീറ്റ് ഇലക്ട്രിക് പോസ്റ്റിന്റെ ചുവട്ടിൽ നിന്നും 9 മീറ്റർ 82 സെന്റീമീറ്റർ വടക്ക് കിഴക്ക് മാറിയും, ടി പോസ്റ്റിന്റെ വടക്ക് വശത്തായി സ്ഥാപിച്ചിട്ടുള്ള PUPR002060138 എന്ന നമ്പർ പതിച്ച ഇരുമ്പ് ലാഡർ ഇലക്ട്രിക് പോസ്റ്റിന്റെ ചുവട്ടിൽ നിന്നും 10 മീറ്റർ 55 സെന്റീമീറ്റർ തെക്ക് കിഴക്ക് മാറിയും, ടി NH റോഡിന്റെ പടിഞ്ഞാറെ ടാർ മാർജിനിൽ നിന്നും 1 മീറ്റർ 25 സെന്റീമീറ്റർ നേരെ കിഴക്ക് മാറിയുമുള്ള NH റോഡ് ഭാഗത്ത് വെച്ച് ടി റോഡേ തെക്ക് നിന്നും വടക്കോട്ട് ഒന്നാം സാക്ഷിയുടെ

സഹോദരൻ കൊല്ലം ജില്ലയിൽ തേവലക്കര പഞ്ചായത്ത് 12-)ം വാർഡിൽ കോയിവിള പി.ഓ-യിൽ ഒറ്റിയിൽ തെക്കേതിൽ വീട്ടിൽ ടൈറ്റസ് മകൻ 38 വയസ്സുള്ള ലാലു എന്ന് വിളിക്കുന്ന ജോസഫ് ഓടിച്ച് കൊണ്ടുവന്ന KL-23-F-6348-)ം നമ്പർ സ്കൂട്ടറിൽ ഇടിച്ചതിൽ വെച്ച് ജോസഫ് സ്കൂട്ടറുമായി തെറിച്ച് റോഡിൽ വീണ് ജോസഫിന് തലയ്ക്കും നെഞ്ചിനും മറ്റും സംഭവിച്ച ഗുരുതര പരിക്കുകളുടെ കാഠിന്യത്താൽ സ്ഥലത്ത് വെച്ച് മരണപ്പെട്ട് പോകുന്നതിന് ഇടവരുത്തി പ്രതി മേൽ വകുപ്പുകൾ പ്രകാരമുള്ള കുറ്റം ചെയ്തു എന്നതാണ് കുറ്റച്ചുരുക്കം.

3. ക്രിമിനൽ നടപടി ചട്ടം 173 വകുപ്പ് പ്രകാരമുള്ള ഈ വ്യവഹാരത്തിലെ കുറ്റപത്രം ഈ കോടതി മുമ്പാകെ സമർപ്പിച്ചു. ടി റിപ്പോർട്ട് യഥാവിധി പരിശോധിച്ചു. പരിഗണനയ്ക്ക് എടുക്കാൻ തക്കമുള്ള കാരണങ്ങൾ കുറ്റപത്രത്തിൽ ഉണ്ടെന്ന് കണ്ടു കേസ് ഫയലിൽ എടുത്തു. പ്രതിയ്ക്ക് കോടതിയിൽ ഹാജരാകാനുള്ള കല്പന അയച്ചു.

4. പ്രതി ജാമ്യക്കാർ സഹിതം കോടതിയിൽ ഹാജരാകുകയും ജാമ്യത്തിന് അർഹനായതിനാൽ പ്രതിയെ ജാമ്യത്തിൽ വിടുകയും ചെയ്തു.

5. കുറ്റപത്രത്തിന്റെയും അനുബന്ധ രേഖകളുടെയും പകർപ്പുകൾ പ്രതിയ്ക്ക് നൽകി. പ്രതിഭാഗം അഭിഭാഷകൻ അവ പൂർണ്ണവും സ്പഷ്ടവുമാണ് എന്ന് സമ്മതിച്ചു സമർപ്പിച്ചതിനാൽ ക്രിമിനൽ നടപടി ചട്ടം 207 വകുപ്പ് പ്രകാരമുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കി.

6. പ്രതിയെ ഇന്ത്യൻ ശിക്ഷാ നിയമം 279, 304(A) എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റച്ചുരുക്കം വായിച്ചു കേൾപ്പിച്ചു. പ്രതി കുറ്റം നിഷേധിച്ചു. വിചാരണ വേണം എന്ന് ആവശ്യപ്പെട്ടു.

7. വിചാരണ ഭാഗം തെളിവിലേക്കായി PW1 മുതൽ PW4 വരെ സാക്ഷികളെ വിസ്തരിക്കുകയും ജാപ്ത P1 മുതൽ P14 വരെ രേഖകൾ അക്കമിടുകയും ചെയ്തു. ആയത് തെളിവിൽ സ്വീകരിച്ചു. ഇതോടെ വിചാരണ ഭാഗം തെളിവ് അവസാനിപ്പിച്ചു. പ്രതിയെ ക്രിമിനൽ നടപടി ചട്ടം 313(1)(b) വകുപ്പ് പ്രകാരം ചോദ്യം ചെയ്തു. പ്രതി തെളിവുകൾ നിഷേധിക്കുകയും താൻ നിരപരാധിയാണെന്ന് ആവർത്തിക്കുകയും ചെയ്തു.

8. പ്രതിഭാഗത്ത് നിന്ന് തെളിവുകൾ ബോധിപ്പിക്കുന്നതിന് അവസരം നൽകിയെങ്കിലും യാതൊരു വിധ തെളിവുകളും ഹാജരാക്കുകയുണ്ടായില്ല.

9. ഇരുഭാഗവും വാദം കേൾക്കുകയും ഹാജരാക്കിയ തെളിവ് രേഖകൾ വിശദമായി പരിഗണിക്കുകയും ചെയ്തു.

10. താഴെ പറയുന്ന ചോദ്യങ്ങൾ കോടതിയുടെ പരിഗണനയ്ക്കായി വന്നു.

I). പ്രതി ഡ്രൈവറായി ചുമതല വഹിച്ച് അപാകമായും ഉദാസീനമായും മനുഷ്യജീവന് ആപത്ത് വരത്തക്കവിധം ആലപ്പുഴ-കൊല്ലം NH റോഡിലൂടെ വടക്ക് നിന്നും തെക്കോട്ട് അതിവേഗതയിൽ അശ്രദ്ധമായി ഓടിച്ചു കൊണ്ടുവന്ന TN-40-M-8799 -)o നമ്പർ ലോറി 16.10.2019 തീയതി വെളുപ്പിന് 3 മണിക്ക് അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് 12-)o വാർഡിൽ വളഞ്ഞവഴി മുറിയിൽ വളഞ്ഞവഴി ജംഗ്ഷന്റെ തെക്ക് വശത്ത് തെക്ക് വടക്കായി കിടക്കുന്ന ആലപ്പുഴ-കൊല്ലം ദേശീയപാതയുടെ പടിഞ്ഞാറരികിൽ സ്ഥാപിച്ചിട്ടുള്ള PUPR002060003 എന്ന നമ്പർ പതിച്ച കോൺക്രീറ്റ് ഇലക്ട്രിക് പോസ്റ്റിന്റെ ചുവട്ടിൽ നിന്നും 9 മീറ്റർ 82 സെന്റീമീറ്റർ വടക്ക് കിഴക്ക് മാറിയും, ടി പോസ്റ്റിന്റെ വടക്ക് വശത്തായി സ്ഥാപിച്ചിട്ടുള്ള PUPR002060138 എന്ന നമ്പർ പതിച്ച ഇരുമ്പ് ലാഡർ ഇലക്ട്രിക് പോസ്റ്റിന്റെ ചുവട്ടിൽ നിന്നും 10 മീറ്റർ 55 സെന്റീമീറ്റർ തെക്ക് കിഴക്ക് മാറിയും, ടി NH റോഡിന്റെ പടിഞ്ഞാറെ ടാർ മാർജിനിൽ നിന്നും 1 മീറ്റർ 25 സെന്റീമീറ്റർ നേരെ കിഴക്ക് മാറിയുമുള്ള NH റോഡ് ഭാഗത്ത് വെച്ച് ടി റോഡേ തെക്ക് നിന്നും വടക്കോട്ട് ഒന്നാം സാക്ഷിയുടെ സഹോദരൻ കൊല്ലം ജില്ലയിൽ തേവലക്കര പഞ്ചായത്ത് 12-)o വാർഡിൽ കോയിവിള പി.ഓ-യിൽ ഒറ്റയിൽ തെക്കേതിൽ വീട്ടിൽ ടൈറ്റസ് മകൻ 38 വയസ്സുള്ള ലാലു എന്ന് വിളിക്കുന്ന ജോസഫ് ഓടിച്ച് കൊണ്ടുവന്ന KL-23-F-6348-)o നമ്പർ സ്കൂട്ടറിൽ ഇടിച്ചതിൽ വെച്ച് ജോസഫ് സ്കൂട്ടറുമായി തെറിച്ച് റോഡിൽ വീണ് ജോസഫിന് തലയ്ക്കും നെഞ്ചിനും മറ്റും സംഭവിച്ച ഗുരുതര പരിക്കുകളുടെ കാഠിന്യത്താൽ സ്ഥലത്ത് വെച്ച് മരണപ്പെട്ട് പോകുന്നതിന് ഇടവരുത്തി പ്രതി ഇന്ത്യൻ ശിക്ഷാ നിയമം 279, 304(A) എന്നീ വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ടോ ?

II). കേസിലെ തീരുമാനം എന്താണ് ?

**<u>പരിഗണന വിഷയം I :-</u>**

11. ഈ കേസിന് ആസ്പദമായ വാഹന അപകടത്തിൽ മരണപ്പെട്ട ജോസഫ് തന്റെ സഹോദരൻ ആണെന്നും 2019 ഒക്ടോബർ 16 പുലർച്ചെ 3 മണിക്ക് വളഞ്ഞവഴിയിൽ വെച്ചാണ് അപകടം നടന്നതെന്നും സഹോദരൻ സ്കൂട്ടറിൽ കൊല്ലത്ത് നിന്നും

ആലപ്പുഴയ്ക്ക് പോകുകയായിരുന്നു എന്നും സ്റ്റേഷനിൽ നിന്നും ആക്സിഡന്റിന്റെ വിവരം വിളിച്ച് അറിയിച്ചതിനെ തുടർന്ന് താൻ സ്റ്റേഷനിൽ ചെന്ന് Ext.P1 പ്രഥമ വിവര മൊഴി കൊടുത്തു എന്നും PW1 മുഖ്യവിസ്താര വേളയിൽ മൊഴി നൽകിയിരിക്കുന്നു.

12. ഈ കേസിന് ആസ്പദമായ വാഹന അപകടം കണ്ടിട്ടില്ല എന്നും വാഹന അപകടം കണ്ടതായി താൻ പോലീസിൽ മൊഴി കൊടുത്തിട്ടില്ല എന്നും 16.10.2019 തീയതി സാധനം വാങ്ങുന്നതിന് വേണ്ടി നാഷണൽ ഹൈവേ വളഞ്ഞവഴി ഭാഗത്ത് എത്തിയപ്പോൾ തെക്ക് നിന്നും വടക്കോട്ട് വന്ന സ്കൂട്ടറിനെ വടക്ക് നിന്നും തെക്കോട്ട് അമിതവേഗതയിൽ വന്ന ലോറി ഇടിച്ചു എന്ന് താൻ പോലിസിൽ മൊഴി കൊടുത്തിട്ടില്ല എന്നും ഇടിച്ച ലോറിയുടെ നമ്പർ പോലീസിൽ പറഞ്ഞു കൊടുത്തിട്ടില്ല എന്നും PW2 മുഖ്യ വിസ്താര വേളയിൽ മൊഴി നൽകി.

13. ഈ കേസിന് ആസ്പദമായ വാഹന അപകടം കണ്ടിട്ടില്ല എന്നും വാഹന അപകടം കണ്ടതായി താൻ പോലീസിൽ മൊഴി കൊടുത്തിട്ടില്ല എന്നും 16.10.2019 തീയതി വെളുപ്പിനെ വണ്ടാനത്ത് ഓട്ടത്തിന് പോയി തിരികെ വന്നപ്പോൾ വളഞ്ഞവഴി ജംഗ്ഷന്റെ തൊട്ട് കിഴക്ക് വശത്ത് വെച്ച് സ്കൂട്ടർ ഒരു ചെറുപ്പകാരൻ ഓടിക്കുന്നത് കണ്ടു എന്നും അത്പോലെ ഹൈവെയിൽ കൂടി വടക്ക് നിന്നും തെക്കോട്ട് അമിത വേഗതയിൽ വന്ന ലോറി നിയന്ത്രണം തെറ്റി ടി സ്കൂട്ടറിൽ ഇടിച്ചു എന്ന് താൻ പോലീസിൽ മൊഴി കൊടുത്തിട്ടില്ല എന്നും ഇടിച്ച ലോറിയുടെ നമ്പർ പോലീസിൽ പറഞ്ഞു കൊടുത്തിട്ടില്ല എന്നും PW3 കോടതി മുമ്പാകെ മുഖ്യ വിസ്താര വേളയിൽ മൊഴി നൽകിയിരിക്കുന്നു.

14. 16.10.2019 തീയതിയിൽ താൻ അമ്പലപ്പുഴ പോലീസ് സ്റ്റേഷനിൽ സബ്ബ് ഇൻസ്പെക്ടറായി ജോലി നോക്കി വരവെ ഈ കേസിലെ ഒന്നാം സാക്ഷി സ്റ്റേഷനിൽ ഹാജരായി മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ ക്രൈംനമ്പർ 1465/2019 ഇന്ത്യൻ ശിക്ഷാ നിയമം 279, 304(A) എന്നീ വകുപ്പുകൾ പ്രകാരം Ext.P2 എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തു എന്നും, തുടർന്ന് ഈ കേസിന്റെ അന്വേഷണം ഏറ്റെടുത്ത് സാക്ഷികളുടെ മൊഴിയെടുക്കുകയും അന്വേഷണത്തിന്റെ ഭാഗമായി കൃത്യസ്ഥലത്ത് ഹാജരായി Ext.P3 കൃത്യസ്ഥല മഹസ്സർ തയ്യാറാക്കുകയും, തുടർന്ന് ഈ കേസിലെ വാഹന അപകടത്തിൽ മരണപ്പെട്ട ജോസഫ് എന്നയാളുടെ മൃതദേഹം പരിശോധിച്ച് Ext.P4 ഇൻക്വസ്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതാണ് എന്നും, തുടർന്ന് ഈ കേസിന് ആസ്പദമായ

വാഹന അപകടത്തിന് ഹേതുവായ വാഹനത്തിന്റെ ആർ.സി ഓണർക്ക് Ext.P5 നോട്ടീസ് അയക്കുകയും ആയതിന് Ext.P6 മറുപടിയും കിട്ടിയിട്ടുള്ളതാണ് എന്നും, തുടർന്ന് ഈ കേസിലെ പ്രതിയുടെ പൂർണ്ണമായ പേരും മേൽവിലാസവും കണ്ടെത്തി Ext.P7 അഡ്രസ്സ് റിപ്പോർട്ട് തയ്യാറാക്കി കോടതിയിൽ ഹാജരാക്കിയിട്ടുള്ളതാണ് എന്നും, തുടർന്ന് ഈ കേസിൽ ഉൾപ്പെട്ട വാഹനം പരിശോധിച്ച് Ext.P8 വാഹന മഹസ്സർ തയ്യാറാക്കിയിട്ടുള്ളതാണ് എന്നും, തുടർന്ന് ഈ കേസിലെ വാഹന അപകടത്തിന് ഹേതുവായതും അതിൽ ഉൾപ്പെട്ടതുമായ വാഹനങ്ങൾ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറിനെ കൊണ്ട് പരിശോധിപ്പിച്ച് Ext.P10, Ext.P11 വെഹിക്കിൾ ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾ തയ്യാറാക്കി കോടതിയിൽ ഹാജരാക്കിയെന്നും, തുടർന്ന് ഇരുവാഹനങ്ങളും ആർ.സി ഓണർമാർക്ക് Ext.P12, Ext.P13 മൂന്നാം സ്ഥാന കച്ചീട്ടോട് കൂടി വിട്ടുകൊടുത്തു എന്നും, തുടർന്ന് ഈ കേസിന് ആസ്പദമായ വാഹന അപകടത്തിൽ മരണപ്പെട്ട ജോസഫ് എന്നയാളുടെ മൃതശരീരം പോസ്റ്റ് മോർട്ടം നടത്തി Ext.P14 പോസ്റ്റ് മോർട്ടം റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതാണ് എന്നും, തുടർന്ന് അന്വേഷണം പൂർത്തീകരിച്ച് പ്രതിക്കെതിരെയുള്ള കുറ്റപത്രം കോടതിയിൽ ഫയൽ ചെയ്തു എന്നും PW4 കോടതി മുമ്പാകെ മൊഴി നൽകിയിരിക്കുന്നു.

15. ഈ കേസിലെ Ext.P1 പ്രഥമ വിവര പ്രസ്താവന നൽകിയ ഒന്നാം സാക്ഷിയെ PW1 ആയും, കേസിലെ ദൃക്സാക്ഷികൾ ആയിട്ടുള്ള 2, 3 സാക്ഷികളെ PW2, PW3 എന്നിങ്ങനെയും കോടതി മുമ്പാകെ വിസ്തരിച്ചിട്ടുള്ളതാണ്. കേസിന് ആസ്പദമായ വാഹന അപകടത്തിൽ മരണപ്പെട്ട ജോസഫ് തന്റെ സഹോദരൻ ആണെന്നും 2019 ഒക്ടോബർ 16 പുലർച്ചെ 3 മണിക്ക് വളഞ്ഞവഴിയിൽ വെച്ചാണ് അപകടം നടന്നതെന്നും സഹോദരൻ സ്കൂട്ടറിൽ കൊല്ലത്ത് നിന്നും ആലപ്പുഴയ്ക്ക് പോകുകയായിരുന്നു എന്നും സ്റ്റേഷനിൽ നിന്നും ആക്സിഡന്റിന്റെ വിവരം വിളിച്ച് അറിയിച്ചതിനെ തുടർന്ന് താൻ സ്റ്റേഷനിൽ ചെന്ന് Ext.P1 പ്രഥമ വിവര മൊഴി കൊടുത്തു എന്നും എന്നാൽ അപകടം താൻ നേരിട്ട് കണ്ടിട്ടില്ല എന്നും പോലീസ് സ്റ്റേഷനിൽ നിന്നും വിളിച്ച് പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് താൻ അപകട വിവരം അറിഞ്ഞതെന്നും PW1 കോടതി മുമ്പാകെ മൊഴി നൽകി. ഈ കേസിലെ ദൃക്സാക്ഷിയായ PW2 ഈ കേസിന് ആസ്പദമായ വാഹന അപകടം കണ്ടില്ല എന്നും വാഹന അപകടം കണ്ടതായി പോലീസിൽ മൊഴി കൊടുത്തിട്ടില്ല എന്നും 16.10.2019 തീയതി സാധനം വാങ്ങുന്നതിന് വേണ്ടി നാഷണൽ ഹൈവേ വഴി വളഞ്ഞവഴി ഭാഗത്ത് എത്തിയപ്പോൾ തെക്ക് നിന്നും വടക്കോട്ട് വന്ന സ്കൂട്ടറിനെ

വടക്ക് നിന്നും തെക്കോട്ട് അമിതവേഗതയിൽ വന്ന ലോറി ഇടിച്ചു എന്ന് താൻ പോലിസിൽ മൊഴി കൊടുത്തിട്ടില്ല എന്നും ഇടിച്ച ലോറിയുടെ നമ്പർ പോലീസിൽ പറഞ്ഞു കൊടുത്തിട്ടില്ല എന്നും PW2 മൊഴി നൽകി. ഈ കേസിലെ ദൃക്സാക്ഷിയായ PW3 ഈ കേസിന് ആസ്പദമായ വാഹന അപകടം കണ്ടില്ല എന്നും വാഹന അപകടം കണ്ടതായി താൻ പോലീസിൽ മൊഴി കൊടുത്തിട്ടില്ല എന്നും 16.10.2019 തീയതി വെളുപ്പിനെ വണ്ടാനത്ത് ഓട്ടത്തിന് പോയി തിരികെ വന്നപ്പോൾ വളഞ്ഞവഴി ജംഗ്ഷന്റെ തൊട്ടു കിഴക്ക് വശത്ത് വെച്ച് സ്കൂട്ടർ ഒരു ചെറുപ്പകാരൻ ഓടിക്കുന്നത് കണ്ടു എന്നും അത്പോലെ ഹൈവെയിൽ കൂടി വടക്ക് നിന്നും തെക്കോട്ട് അമിതവേഗതയിൽ വന്ന ലോറി നിയന്ത്രണം തെറ്റി ടി സ്കൂട്ടറിൽ ഇടിച്ചു എന്ന് താൻ പോലീസിൽ മൊഴി കൊടുത്തിട്ടില്ല എന്നും ഇടിച്ച ലോറിയുടെ നമ്പർ പോലീസിൽ പറഞ്ഞു കൊടുത്തിട്ടില്ല എന്നും PW3 കോടതി മുമ്പാകെ മൊഴി നൽകിയിരിക്കുന്നു.

16. ഈ കേസിലെ സംഭവ സാക്ഷികളായി സാക്ഷി പട്ടികയിൽ കാണിച്ചവരാണ് PW2, PW3 സാക്ഷികൾ. ഈ കേസിന് ആസ്പദമായ വാഹന അപകടം കണ്ടില്ല എന്നും വാഹന അപകടം കണ്ടതായി പോലീസിൽ മൊഴി കൊടുത്തിട്ടില്ല എന്നും സംഭവ സാക്ഷികളായ PW2, PW3 എന്നിവർ കോടതി മുമ്പാകെ മൊഴി നൽകി. സംഭവ സാക്ഷികൾ വാഹന അപകടം നടത്തിയ പ്രതി ആരാണെന്നോ അപകടത്തിന് ഹേതുവായ വാഹനത്തിന്റെ നമ്പർ അറിയില്ല എന്നും കോടതി മുമ്പാകെ മൊഴി നൽകിയിട്ടുണ്ട്. സാക്ഷികളിൽ ആരും തന്നെ കേസിന് ആസ്പദമായ വാഹന അപകടം കണ്ടിട്ടില്ല എന്നും പ്രതി ആരാണെന്ന് കോടതി മുമ്പാകെ തിരിച്ചറിഞ്ഞിട്ടില്ലാത്തതുമാണ്. Ext.P1 പ്രഥമ വിവര പ്രസ്താവന നൽകിയ PW1 ഈ കേസിന് ആസ്പദമായ വാഹന അപകടത്തിൽ മരണപ്പെട്ട ജോസഫിന്റെ സഹോദരിയാണെന്നും അപകടം താൻ നേരിട്ട് കണ്ടിട്ടില്ല എന്നും പോലീസ് സ്റ്റേഷനിൽ നിന്നും വിളിച്ച് പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് താൻ അപകട വിവരം അറിഞ്ഞതെന്നും PW1 കോടതി മുമ്പാകെ മൊഴി നൽകി.

*Section 279 of IPC lays down that "Whoever drives any vehicle, or rides, on any public way in a manner so rash or negligent as to endanger human life, or to be likely to cause hurt or injury to any other person, shall be punished with imprisonment of either description for a term which may extend to six months, or with fine which may extend to one thousand rupees, or with both".*

ഇന്ത്യൻ ശിക്ഷാ നിയമം 279 വകുപ്പ് പ്രകാരം "മനുഷ്യജീവന് അപകടമുണ്ടാക്കുന്ന തരത്തിൽ അശ്രദ്ധമായി പൊതുവഴിയിലൂടെ വാഹനമോടിക്കുന്നതോ മറ്റൊരാൾക്ക് പരിക്കേൽപ്പിക്കാൻ സാധ്യതയുള്ളതോ ആയ ഏതൊരു വ്യക്തിക്കും ആറ് മാസം വരെ തടവോ 1000/- രൂപ വരെ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ലഭിക്കും". ആയതിനാൽ മനുഷ്യജീവന് അപകടമുണ്ടാക്കുന്ന തരത്തിൽ അല്ലങ്കിൽ മറ്റൊരാൾക്ക് പരിക്കേൽക്കുകയോ മുറിവേൽക്കുകയോ ചെയ്യുന്ന തരത്തിൽ ഏതെങ്കിലും പൊതുവഴിയിൽ വാഹനമോടിക്കുകയോ അശ്രദ്ധമായി വാഹനം ഓടിക്കുകയോ ചെയ്താൽ ഇന്ത്യൻ ശിക്ഷാ നിയമം 279 വകുപ്പിന്റെ പരിധിയിൽ വരുന്ന പ്രവർത്തിയാകും.

*Section 304(A) of IPC lays down that "Whoever causes the death of any person by doing any rash or negligent act not amounting to culpable homicide shall be punished with imprisonment of either description for a term which may extend to two years, or with fine, or with both".* ഇന്ത്യൻ ശിക്ഷാ നിയമം 304(A) വകുപ്പ് പ്രകാരം "കുറ്റകരമായ നരഹത്യയ്ക്ക് തുല്യമല്ലാത്ത ഏതെങ്കിലും ധിക്കാരപരമായ അല്ലെങ്കിൽ അശ്രദ്ധമായ പ്രവൃത്തിയിലൂടെ ഒരാളുടെ മരണത്തിന് കാരണമാകുന്നയാൾക്ക് രണ്ട് വർഷം വരെ തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ശിക്ഷ ലഭിക്കും".

17. വാഹനം ഓടിച്ചയാളുടെ അശ്രദ്ധയുടെ ഫലമായാണ് ജോസഫിന് മരണം സംഭവിക്കാൻ ഇടയായതെന്നും അപകടത്തിന് ഹേതുവായ TN-40-M-8799-)o നമ്പർ ലോറി ഓടിച്ചയാൾ അശ്രദ്ധമായും അമിതവേഗതയിലും ടി വാഹനം ഓടിച്ചത് കൊണ്ടാണ് അപകടം ഉണ്ടായതെന്നും തെളിയിക്കുന്നതിനുള്ള സാക്ഷികളെ ആരെയും വിചാരണ ഭാഗം കോടതി മുമ്പാകെ ഹാജരാക്കിയിട്ടില്ല. ഈ കേസിന് ആസ്പദമായ വാഹന അപകടം കണ്ടിട്ടില്ല എന്നും വാഹന അപകടം കണ്ടതായി പോലീസിൽ മൊഴി കൊടുത്തിട്ടില്ല എന്നും സംഭവ സാക്ഷികളായ PW2, PW3 എന്നിവർ കോടതി മുമ്പാകെ മൊഴി നൽകി. Ext.P1 പ്രഥമ വിവര പ്രസ്താവന നൽകിയ PW1 ഈ കേസിന് ആസ്പദമായ വാഹന അപകടത്തിൽ മരണപ്പെട്ട ജോസഫിന്റെ സഹോദരിയാണെന്നും അപകടം താൻ നേരിട്ട് കണ്ടിട്ടില്ല എന്നും പോലീസ് സ്റ്റേഷനിൽ നിന്നും വിളിച്ച് പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് താൻ അപകട വിവരം അറിഞ്ഞതെന്നും PW1 മൊഴി നൽകി. അപകടത്തിന് ഹേതുവായ ലോറിയുടെ നമ്പറോ ടി ലോറി

ഓടിച്ചയാളെയോ സാക്ഷികൾ ആരും തന്നെ തിരിച്ചറിഞ്ഞിട്ടില്ല. ആയതിനാൽ 16.10.2019 തീയതി വെളുപ്പിന് 3 മണിക്ക് നടന്ന അപകടത്തിന് ഹേതുവായ TN-40-M-8799-ാം നമ്പർ ലോറി അന്നേ ദിവസം ഓടിച്ചത് ഈ കേസിലെ പ്രതിയാണെന്ന് സംശയാതീതമായി തെളിയിക്കാൻ വിചാരണ ഭാഗത്തിന് കഴിഞ്ഞിട്ടില്ല.

18. കേസിൽ പ്രതി വാഹനം ഓടിച്ചത് അശ്രദ്ധയോട് കൂടിയും മനുഷ്യജീവന് അപകടമുണ്ടാക്കുന്ന തരത്തിലാണെന്നും ഉള്ള രണ്ടു ഘടകങ്ങളും തൃപ്തികരമായി വിചാരണ ഭാഗം തെളിയിക്കേണ്ടതുണ്ട്. വാഹനം ഓടിക്കുമ്പോൾ പാലിക്കേണ്ട കടമകൾ ലംഘിക്കുകയും ആ ലംഘനം സാഹസികതയുടെയോ അശ്രദ്ധയുടെയോ ഫലമായിട്ടാണെന്നും തെളിയിക്കേണ്ട ബാധ്യത വിചാരണ ഭാഗത്തിനാണ്. ഈ കേസിൽ ദൃക്സാക്ഷികളായ PW2, PW3 എന്നിവർ അത്തരത്തിൽ സാഹസികമായോ അശ്രദ്ധമായോ മനുഷ്യജീവന് അപകടം ഉണ്ടാക്കുന്ന തരത്തിൽ പ്രതി വാഹനം ഓടിച്ചു എന്ന് മൊഴി പറഞ്ഞിട്ടില്ല എന്നും പ്രതിയുടെ അത്തരത്തിലുള്ള അശ്രദ്ധ മൂലമാണ് വാഹന അപകടത്തിൽ ജോസഫിന് മരണം സംഭവിച്ചതെന്നും അനുമാനിക്കാൻ മറ്റു തെളിവുകളൊന്നും കോടതിക്ക് മുമ്പിൽ ഇല്ല. കൂടാതെ സംഭവ സാക്ഷികൾ ആരും തന്നെ അപകടം നേരിട്ട് കണ്ടിട്ടില്ല എന്നും വാഹന അപകടം നേരിട്ട് കണ്ടതായി പോലീസിന് മൊഴി നൽകിയിട്ടില്ല എന്നും വ്യക്തമായി പറഞ്ഞിട്ടുള്ളതാണ്. സാക്ഷികൾ ആരും തന്നെ അപകടത്തിന് ഹേതുവായ ലോറിയുടെ നമ്പറോ ടി ലോറി ഓടിച്ചയാളെയോ പ്രതിയാക്കിയിട്ടുള്ള വ്യക്തിയെയോ കോടതി മുമ്പാകെ തിരിച്ചറിഞ്ഞിട്ടില്ലാത്തതാണ്. ആയതിനാൽ ഈ കേസിന്റെ മൊത്തം വസ്തുതയും സാഹചര്യങ്ങളും സാക്ഷി മൊഴികളും രേഖകളും വിശകലനം ചെയ്യുമ്പോൾ പ്രതി ടി കുറ്റകൃത്യങ്ങൾ ചെയ്തതായി തെളിയുന്നില്ല. ആയതിനാൽ ഈ പരിഗണന വിഷയം വിചാരണ ഭാഗത്തിന് എതിരായി കണ്ടെത്തിയിരിക്കുന്നു.

**<u>പരിഗണന വിഷയം II :-</u>**

19. ഒന്നാം പരിഗണന വിഷയത്തിന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പ്രതി ഇന്ത്യൻ ശിക്ഷാ നിയമം 279, 304(A) എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റം ചെയ്തിട്ടില്ല എന്ന് കണ്ടെത്തി പ്രതിയെ ക്രിമിനൽ നടപടി ചട്ടം 255(1) വകുപ്പ് പ്രകാരം കുറ്റവിമുക്തനാക്കിയിരിക്കുന്നു. പ്രതിയുടെ ജാമ്യകച്ചീട്ട് ഇതിനാൽ റദ്ദ് ചെയ്തിരിക്കുന്നു. പ്രതിയെ നിരുപാധികം സ്വതന്ത്രൻ ആയി വിട്ടയക്കുന്നു.

ഈ വിധിക്ക് എതിരായി ആക്ഷേപം ഉണ്ടെങ്കിൽ 30 ദിവസത്തിനകം ബഹുമാനപ്പെട്ട ആലപ്പുഴ ജില്ലാ & സെഷൻസ് കോടതിയിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

*(ഇപ്രകാരം ഞാൻ പറഞ്ഞു കൊടുത്തു കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്തു. ഞാൻ വായിച്ചു നോക്കി, തെറ്റ് തിരുത്തി തുറന്ന കോടതിയിൽ 2026 മാർച്ച് മാസം 30 ന് വിധി പറഞ്ഞിട്ടുള്ളതാണ്)*

*(sd/-)*

**സുശാന്ത് കൃഷ്ണൻ. ജി**
**ന്യായാധികാരി,**
**ഗ്രാമന്യായാലയ, അമ്പലപ്പുഴ**

**<u>അനുബന്ധം</u>**

A. പ്രോസിക്യൂഷൻ ഭാഗം സാക്ഷികൾ

| | |
|---|---|
| PW1 | ലിസി |
| PW2 | മുഹമ്മദ് റഫീഖ് |
| PW3 | അജി |
| PW4 | വി. രാജ്കുമാർ |

B.കുറ്റാരോപിതൻ ഭാഗം സാക്ഷികൾ – ഇല്ല

C.കോടതി ഭാഗം സാക്ഷികൾ – ഇല്ല

D.പ്രോസിക്യൂഷൻ ഭാഗം തെളിവുകൾ

| | |
|---|---|
| Ext.P1 (PW1) | പ്രഥമ വിവര പ്രസ്താവന |
| Ext.P2 (PW4) | എഫ്.ഐ.ആർ |
| Ext.P3 (PW4) | കൃത്യസ്ഥല മഹസ്സർ |
| Ext.P4 (PW4) | ഇൻക്വസ്റ്റ് റിപ്പോർട്ട് |
| Ext.P5 (PW4) | നോട്ടീസ് |
| Ext.P6 (PW4) | നോട്ടീസിന്റെ മറുപടി |
| Ext.P7 (PW4) | അഡ്രസ്സ് റിപ്പോർട്ട് |

| | |
|---|---|
| Ext.P8 (PW4) | വാഹന മഹസ്സർ |
| Ext.P9 (PW4) | ജാമ്യക്കച്ചീട്ട് |
| Ext.P10 (PW4) | വെഹിക്കിൾ ഇൻസ്പെക്ഷൻ റിപ്പോർട്ട് (TN-40-M-8799-)൦ നമ്പർ ലോറി) |
| Ext.P11 (PW4) | വെഹിക്കിൾ ഇൻസ്പെക്ഷൻ റിപ്പോർട്ട് (KL-23-F-6348-)൦ നമ്പർ സ്കൂട്ടർ) |
| Ext.P12 (PW4) | മൂന്നാം സ്ഥാന കച്ചീട്ട് (KL-23-F-6348-)൦ നമ്പർ സ്കൂട്ടർ) |
| Ext.P13 (PW4) | മൂന്നാം സ്ഥാന കച്ചീട്ട് (TN-40-M-8799-)൦ നമ്പർ ലോറി) |
| Ext.P14 (PW4) | പോസ്റ്റ് മോർട്ടം റിപ്പോർട്ട് (ജോസഫ്) |

E. കുറ്റാരോപിതൻ ഭാഗം തെളിവുകൾ - ഇല്ല

F. കോടതി ഭാഗം തെളിവുകൾ - ഇല്ല

G. അടയാളപ്പെടുത്തിയ വസ്തുക്കൾ - ഇല്ല

*( Id/-)*

**സുശാന്ത് കൃഷ്ണൻ. ജി**
**ന്യായാധികാരി,**
**ഗ്രാമ ന്യായാലയ, അമ്പലപ്പുഴ**